മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# ക്രിസ്തുവിൽ ഒന്ന്

ഡെന്നിസ് ഫോർട്ടിൻ

നാലാം ക്വാർട്ടർ
(ഒക്ടോബർ, നവംബർ, ഡിസംബർ)
2018

വിവർത്തനം: സി. ജെ. ആന്റണി

# ഉള്ളടക്കം


1. സൃഷ്ടിപ്പും പതനവും
(സെപ്തംബർ 29 - ഒക്ടോബർ 5) ........ 5.

2. അനൈക്യത്തിന്റെ കാരണങ്ങൾ
(ഒക്ടോബർ 6 - 12) ........ 13.

3. "അവർ എല്ലാവരും ഒന്നാകേണ്ടതിനു"
(ഒക്ടോബർ 13 - 19) ........ 22.

4. ഐക്യത്തിന്റെ താക്കോൽ
(ഒക്ടോബർ 20 - 26) ........ 32.

5. ആദിമസഭയിലെ ഐക്യ അനുഭവം
(ഒക്ടോബർ 27 - നവംബർ 2) ........ 40.

6. ഐക്യത്തിന്റെ ചിത്രങ്ങൾ (നവംബർ 3 - 9) ........ 49.

7. ഭിന്നതകൾ ഉണ്ടാകുമ്പോൾ (നവംബർ 10 - 16) ........ 58.

8. വിശ്വാസത്തിലെ ഐക്യം (നവംബർ 17 - 23) ........ 66.

9. ഏറ്റവും വിശ്വാസ്യമായ തെളിവ്
(നവംബർ 24 - 30) ........ 75.

10. ഐക്യവും തകർന്ന ബന്ധങ്ങളും
(ഡിസംബർ 1 - 7) ........ 84.

11. ആരാധനയിലെ ഐക്യം (ഡിസംബർ 8 - 14) ........ 92.

12. സഭാഘടനയും ഐക്യവും
(ഡിസംബർ 15 - 21) ........ 101.

13. ഐക്യത്തിന്റെ അന്തിമ വീണ്ടെടുപ്പ്
(ഡിസംബർ 22-28) ........ 109.

പാഠം 12

# സഭാഘടനയും ഐക്യവും

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** എഫേ.5:23–27; മത്താ.20:25–28; തീത്തൊ.1:9; മത്താ.16:19; ഗലാ.6:1–2; മത്താ.28:18–20.

**മനഃപാഠവാക്യം: "നിങ്ങളിൽ അങ്ങനെ അരുത്; നിങ്ങളിൽ മഹാനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. നിങ്ങളിൽ ഒന്നാമൻ ആകാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസനാകേണം." (മത്തായി 20:26,27).**

സെവൻത് ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ, യേശു മാനവരാശിക്കു വേണ്ടി ചെയ്തതിന്റെ ഫലമായി, രക്ഷ വിശ്വാസത്തിലൂടെ മാത്രമാണെന്ന് വിശ്വസിക്കുന്ന പ്രൊട്ടസ്റ്റന്റുകാരാണ് നമ്മൾ. ക്രിസ്തു നമുക്കായി ചെയ്തതിന്റെ ഫലം അനുഭവിക്കുവാൻ നമുക്കൊരു സഭയോ സഭാഅധികാരശ്രേണിയോ ആവശ്യമില്ല. നമ്മുടെ പകരക്കാരനെന്ന നിലയിലും സ്വർഗ്ഗീയ സമാഗമന കൂടാരത്തിലെ മഹാപുരോഹിതൻ എന്ന നിലയിലും ക്രിസ്തുവിൽ നിന്നു നമുക്കു ലഭിക്കുന്നത് നേരിട്ട് ലഭിക്കുന്നു.

എന്നിരുന്നാലും, സഭ ദൈവസൃഷ്ടിയാണ്. അത് നമുക്കുവേണ്ടി ഇവിടെ ദൈവം സ്ഥാപിച്ചു. രക്ഷയുടെ മാർഗ്ഗമായിട്ടല്ല, രക്ഷ ലോകത്തിനു പ്രകടമാകാനും വെളിപ്പെടുത്താനുമുള്ള ഒരു ഉപകരണമാണ് സഭ. സുവിശേഷം ലോകമെങ്ങും വ്യാപിക്കാനായി യേശു സ്ഥാപിച്ച സംഘടന. സഭാ ദൗത്യം സുദൃഢവും നിറവേറത്തക്കതുമാക്കും വരെ സംഘടന വളരെ പ്രധാനപ്പെട്ടതാണ്. ഒരു സഭാ സംഘടനയില്ലാതെ യേശുവിന്റെ രക്ഷാ സന്ദേശം ഇത്ര ഫലവത്തായി മറ്റുള്ളവരോട് സംവേദിക്കാൻ സാധിക്കില്ല. സഭാനേതാക്കളും പ്രധാനമാണ്. അവർ ഐക്യം വളർത്തുകയും യേശുവിന്റെ മാതൃക കാണിക്കുകയും ചെയ്യണം.

ഈയാഴ്ച സഭാഘടന സുവിശേഷവേലയിൽ എന്തു പ്രാധാന്യം അർ ഹിക്കുന്നെന്നും സഭയിലെ ഐക്യം എങ്ങനെ വളർത്തുന്നെന്നും പഠിക്കാം.

**ഞായർ** **ഡിസംബർ 16**

## ക്രിസ്തു, സഭയുടെ തലവൻ

മുമ്പൊരു പാഠത്തിൽ നാം കണ്ടതു പോലെ, പുതിയ നിയമത്തിൽ സഭയെ ശരീരത്തോടാണ് ഉപമിച്ചിരിക്കുന്നത്. സഭ യേശുവിന്റെ ശരീരമാണ്. ഈ ഉപമ സഭയുടെ വിവിധ സവിശേഷതകളെക്കുറിച്ചും, ക്രിസ്തുവും ജനവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുമൊക്കെ സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ, അതിന്റെ നിലനിൽപിനു തന്നെ സഭ ആശ്രയിക്കുന്നത് യേശുവിനെയാണ്. അവനാണ് തലയും (കൊലൊ.1:18, എഫേ. 1:22) സഭയുടെ ജീവന്റെ ഉറവിടവും. യേശുവില്ലാതെ ഒരു സഭയുമുണ്ടാകില്ല.

സഭ അതിന്റെ അസ്ഥിത്വം കണ്ടെത്തുന്നത് ക്രിസ്തുവിലാണ്. കാരണം അതിന്റെ വിശ്വാസങ്ങളുടെയും പഠിപ്പിക്കലുകളുടെയും ഉത്ഭവവും ഉറവിടവും അടസ്ഥാനവും യേശുവാണ്. എങ്കിലും, അതിന്റെ അസ്ഥിത്വം നിർണ്ണായകമാകുന്നതു പോലെ, സഭ അതിലും മേലെ എന്തോ ആണ്. സഭ എന്തെന്ന് നിശ്ചയിക്കുന്നത് ക്രിസ്തുവും അവന്റെ വചനവും സുവിശേഷത്തിൽ വെളിപ്പെടുന്നതു പോലെയാണ്. അങ്ങനെ, സഭ അതിന്റെ അസ്ഥിത്വവും പ്രാധാന്യവും സാധ്യമാക്കുന്നത് ക്രിസ്തുവിൽ നിന്നാണ്.

**എഫേസ്യർ 5:23–27 വാക്യങ്ങളിൽ, പൗലൊസ്, ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ വിവരിക്കുന്നത് ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധത്തോട് ഉപമിച്ചുകൊണ്ടാണ്. സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തിൽ ഇതിന്റെ പ്രധാന ആശയങ്ങളെന്തൊക്കെയാണ്?**

കീഴടങ്ങുന്നതിനോട് പൊരുത്തപ്പെടാൻ പലപ്പോഴും നമുക്ക് ആവില്ലായിരിക്കാം, കാരണം കഴിഞ്ഞ കാലങ്ങളിൽ സഭാ നേതൃത്വം അത് ദുരുപയോഗം ചെയ്തിട്ടുണ്ടാകാം. എന്നിരുന്നാലും സഭ ക്രിസ്തുവെന്ന തലയ്ക്ക് കീഴടങ്ങണം, അധികാരത്തിനും വിധേയപ്പെടണം. സഭയുടെ തലയായി ക്രിസ്തുവിനെ അംഗീകരിക്കുമ്പോൾ ആരോടാണ് നമുക്കു കൂറുണ്ടാവേണ്ടതെന്ന് ഓർമ്മിപ്പിക്കും. അത് കർത്താവിനോടു തന്നെയാണ്, മറ്റാരോടുമല്ല. സഭയ്ക്ക് ഒരു ഘടന വേണം, എന്നാൽ അത് എപ്പോഴും സഭയുടെ യഥാർത്ഥ നേതാവ്, ക്രിസ്തുവിന്റെ അധികാരത്തിൻ കീഴായിരിക്കണം.

"സഭ പണിയപ്പെട്ടിരിക്കുന്നത് ക്രിസ്തുവെന്ന അടിസ്ഥാനത്തിന്മേലാണ്; ക്രിസ്തുവിനെ തലയായി അനുസരിക്കണം. അത് മനുഷ്യനിൽ ആശ്രയിക്കാനോ, മനുഷ്യനാൽ നിയന്ത്രിക്കപ്പെടാനോ ഉള്ളതല്ല. സഭയിലെ ഒരു സ്ഥാനം, മറ്റുള്ളവർ എന്തു വിശ്വസിക്കണം എന്നും എന്തു ചെയ്യണമെന്നും ആജ്ഞാപിക്കാനുള്ള അധികാരം നൽകുന്നുവെന്ന് പലരും അവകാശപ്പെടുന്നു. ഈ അവകാശവാദം ദൈവം അംഗീകരിക്കുന്നില്ല. രക്ഷകൻ പ്രഖ്യാപിക്കുന്നു, 'നിങ്ങളെല്ലാവരും സഹോദരന്മാരാണ്'. എല്ലാവരും പ്രലോഭനത്തിന് വിധേയരാണ്, തെറ്റിപ്പോകുന്നവരുമാണ്. നശ്വരമായ ഒന്നിനെയും മാർഗ്ഗദർശനത്തിനായി ആശ്രയിക്കാനാവില്ല. വിശ്വാസത്തിന്റെ പാറ സഭയിൽ ജീവിക്കുന്ന ക്രിസ്തുവിന്റെ സാന്നിധ്യമാണ്. ഏറ്റം ദുർബ്ബലർ ഇതിൽ ആശ്രയിക്കും. ക്രിസ്തുവിനെ ആശ്രയിക്കാതെ സ്വയം ശക്തരെന്ന് കരുതുന്നവർ ഏറ്റം ദുർബ്ബലരെന്ന് തെളിയിക്കപ്പെടും."–*എലൻ ജി. വൈറ്റ്, ദി ഡിസയർ ഓഫ് ഏജസ്, പേജ് 414.*

**നശ്വരമായതിൽ ആശ്രയിക്കാതെ എങ്ങനെ ക്രിസ്തുവിലാശ്രയിക്കാം?**

**തിങ്കൾ** **ഡിസംബർ 17**

## ദാസ നേതൃത്വം

ശിഷ്യന്മാർക്കൊപ്പമുള്ള യേശുവിന്റെ സുവിശേഷവേലയ്ക്കിടയിൽ, അധികാരമോഹം കണ്ട് മടുത്തതുപോല പല അനുഭവവും യേശുവിനുണ്ടായിട്ടുണ്ട്.

യേശുവിന്റെ രാജ്യത്തെ ശക്തരായ നേതാക്കളാവാൻ അപ്പൊസ്തലന്മാർ ആകാംക്ഷാഭരിതരായിരുന്നതു പോലെ തോന്നി (മർക്കൊ.9:33,34; ലൂക്കൊ.9:46). അവസാന അത്താഴം കഴിച്ചുകൊണ്ടിരുന്നപ്പോൾ പോലും ഇത്തരം മേൽക്കോയ്മയുടെയും അധികാരത്തിന്റെയും ചിന്തകൾ അവരിൽ പ്രകടമായിരുന്നു (ലൂക്കൊ.22:24).

**ഇത്തരമൊരു സന്ദർഭത്തിൽ യേശു തന്റെ ജനത്തിനിടയിലെ ആത്മീയ നേതൃത്വത്തെക്കുറിച്ച് വളരെ വ്യക്തമായി സംസാരിച്ചു. മത്തായി 20:25-28 വാക്യങ്ങളിൽ നിന്ന് നേതൃത്വത്തെക്കുറിച്ചുള്ള എന്ത് തത്വങ്ങൾ നമുക്കു യേശുവിൽ നിന്ന് പഠിക്കാം? ഇവ എങ്ങനെ നമ്മുടെ ജീവിതങ്ങളിലും സഭയിലും പ്രാവർത്തികമാക്കാം?**

"ഈ സംക്ഷിപ്ത വേദ ഭാഗത്ത് യേശു രണ്ട് തരം അധികാരങ്ങളെ അവതരിപ്പിക്കുന്നു. ഒന്നാമത്തേത് റോമാക്കാരുടെ രീതിയനുസരിച്ചുള്ള അധികാരം. ഇതിൽ ഏറ്റവും കുലീനന്മാർ മറ്റുള്ളവരുടെ മേൽ തീരുമാനങ്ങളെടുക്കാനുള്ള അധികാരമുള്ളവരാണ്, താഴേത്തട്ടിൽ നിന്നുള്ളവർ കീഴടങ്ങുവാൻ അവർ പ്രതീക്ഷിക്കുന്നു. യേശു ഇത്തരം അധികാരത്തെ തീർത്തും തള്ളിക്കളഞ്ഞുകൊണ്ടു പറയുന്നു, 'നിങ്ങൾക്കിടയിൽ അത് പാടില്ല'. പകരമായി ശിഷ്യന്മാർക്കു മുന്നിൽ അതിനൂതനമായ ഒന്ന് അവതരിപ്പിക്കുന്നു. അന്നുവരെ സുപരിചിതമായ മേലധികാര രീതിയെ പാടെ തള്ളിക്കളഞ്ഞുകൊണ്ടുള്ള ഒരു പുതിയ രീതി."-*ദാരിയൂസ് യാങ്കീവിക്സ്, "സെർവിംഗാ ലൈക് ജീസസ്:അഥോറിറ്റി ഇൻ ഗോഡ്സ് ചർച്ച്," അഡ്വന്റിസ്റ്റ് റിവ്യൂ, മാർച്ച് 13, 2014, പേജ് 18.*

ഈ ഭാഗത്ത് യേശു അവതരിപ്പിക്കുന്ന അധികാരപദ്ധതി രണ്ട് മുഖ്യ പദങ്ങളെ ആശ്രയിച്ചാണ്: സേവകൻ (ഡയകൊണോസ്), അടിമ (ഡൗലൊസ്). ചില വിവർത്തനങ്ങളിൽ ആദ്യ വാക്ക് "ശുശ്രൂഷകൻ" എന്നും രണ്ടാമത്തേത് "സേവകൻ" അല്ലെങ്കിൽ "അടിമവേലക്കാരൻ" എന്നുമാണ് തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നത്. യേശു ഉദ്ദേശിച്ചതിൽ നിന്ന് ഒരുപാട് അർത്ഥം മാറിപ്പോകുന്നുണ്ട് അപ്പോൾ. എല്ലാ അധികാര ചട്ടക്കൂടുകളും തകർക്കാൻ യേശു ഉദ്ദേശിക്കുന്നില്ലെങ്കിലും, സഭാനേതാക്കൾ ആദ്യം തന്നെ ദൈവജനത്തിന്റെ സേവകരും അടിമവേലക്കാരുമായിരിക്കണമെന്ന് ആഗ്രഹിച്ചു. അവരുടെ സ്ഥാനം ജനത്തിനു മേൽ അധികാരവും ആധിപത്യവും സ്ഥാപിക്കാനുള്ളതല്ല; സ്വയം പുകഴ്ചയും ആദരവും നേടാനുമല്ല. "ക്രിസ്തു വേറിട്ട തത്വങ്ങളുടെ ഒരു രാജ്യം സ്ഥാപിക്കുക ആയിരുന്നു. അവൻ മനുഷ്യനെ വിളിച്ചത് അധികാരത്തിനല്ല സേവനത്തിനാണ്; ശക്തരെ ദുർബ്ബലരുടെ ദൗർബ്ബല്യങ്ങളെ താങ്ങാൻ. അധികാരം, സ്ഥാനം, കഴിവ്, വിദ്യാഭ്യാസം എല്ലാം ഉള്ളവരെ സഹവിശ്വാസികളെ സേവിക്കുക എന്ന ദൗത്യത്തിനു കീഴിലാക്കിയിരിക്കുന്നു."-*എലൻ ജി. വൈറ്റ്, ദി ഡിസയർ ഓഫ് ഏജസ്, പേജ് 550.*

**യോഹന്നാൻ 13:1-20 വായിക്കുക. എന്ത് നേതൃത്വ മാതൃകയാണ് യേശു ശിഷ്യർക്കു നൽകിയത്? ഇവിടെ യേശു ഇപ്പൊഴും പഠിപ്പിക്കുവാൻ ശ്രമിക്കുന്നതെന്താണ്? ഇക്കാര്യങ്ങൾ എങ്ങനെ സഭയ്ക്കകത്തും പുറത്തും മറ്റുള്ളവരുമായുള്ള പെരുമാറ്റങ്ങളിൽ വെളിപ്പെടുത്താൻ കഴിയും?**

## സഭൈക്യം സംരക്ഷിക്കുക

**2 തിമൊ.2:15; തീത്തൊ.1:9 വായിക്കുക. തിമൊത്തിക്കും തീത്തൊസിനുമുള്ള പൗലൊസിന്റെ ലേഖനങ്ങളനുസരിച്ച് വിശ്വസ്തരായ സഭാനേതാവിന്റെയും മൂപ്പന്റെയും അതിപ്രധാന ജോലികൾ എന്തെല്ലാമാണ്?**

പഠിപ്പിക്കലുകളും (ഉപദേശങ്ങൾ) തത്വങ്ങളും ശുദ്ധമായി സൂക്ഷിക്കുന്നതിനു പൗലൊസ് എത്രമാത്രം പ്രാധാന്യം നൽകുന്നുവെന്ന് ശ്രദ്ധിക്കുക. ഇത് ഐക്യത്തിനു നിർണ്ണായകമാണ്. മറ്റെന്തിനെക്കാളും നമ്മുടെ പഠിപ്പിക്കലുകളാണ് സഭയെ ഒന്നിച്ചു നിർത്തുന്നതെന്ന് നിസ്സംശയം പറയാം. വീണ്ടും അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ, ജീവിതത്തിന്റെ വിവിധ തുറകളിൽ നിന്നുള്ളവരെങ്കിലും, സംസ്ക്കാരം, പശ്ചാത്തലം ഒക്കെ വ്യത്യസ്തമാണെങ്കിലും യേശു നമുക്കു നൽകിയ സത്യം മനസ്സിലാക്കുന്നതിലാണ് യേശുവിലുള്ള നമ്മുടെ ഐക്യം കണ്ടെത്തുക. ഈ പഠനങ്ങളിൽ നാം കുഴങ്ങിപ്പോകുമ്പോഴാണ് കലക്കങ്ങളും ഭിന്നിപ്പുമുണ്ടാകുന്നത്, വിശിഷ്യ അന്ത്യകാലത്തോടടുക്കുമ്പോൾ.

"ഞാൻ ദൈവത്തെയും, ജീവികൾക്കും മരിച്ചവർക്കും ന്യായവിസ്താരം നടത്തുവാനുള്ള ക്രിസ്തുയേശുവിനെയും സാക്ഷിവച്ച് അവന്റെ പ്രത്യക്ഷതയും രാജ്യവും ചൊല്ലി സത്യം ചെയ്തു കല്പിക്കുന്നത്: വചനം പ്രസംഗിക്കുക, സമയത്തിലും അസമയത്തിലും ഒരുങ്ങി നിൽക്കുക; സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്കുക; തർജ്ജനം ചെയ്യുക; പ്രബോധിപ്പിക്കുക. അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറു സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവി കൊടുക്കാതെ കെട്ടുകഥ കേൾക്കുവാൻ തിരിയുകയും ചെയ്യുന്ന കാലം വരും" (2 തിമൊ. 4:1-4).

ഈ വാക്യങ്ങളിലൂടെ പൗലൊസ് യേശുവിന്റെ രണ്ടാം വരവിലേക്കും ന്യായവിധിയുടെ ദിവസത്തിലേക്കും തന്റെ ചിന്തകളെ കേന്ദ്രീകരിക്കുന്നു. തിമൊത്തിക്ക് ഈ സുപ്രധാന ഉപദേശം നൽകാൻ അപ്പൊസ്തലൻ ദൈവം നൽകിയ എല്ലാ അധികാരവും ഉപയോഗിക്കുന്നു (1 തിമൊ.1:1). അന്ത്യകാല പശ്ചാത്തലത്തിൽ തെറ്റായ പഠിപ്പിക്കലുകളും അസാന്മാർഗ്ഗികതയും പെരുകുമ്പോൾ തിമൊത്തിയോട് ദൈവവചനം പ്രഘോഷിക്കാൻ പൗലൊസ് ആവശ്യപ്പെടുന്നു. അവനെ വിളിച്ചിരിക്കുന്നത് ആ വേലയ്ക്കാണ്.

തന്റെ സുവിശേഷവേലയുടെ ഭാഗമായി തിമൊത്തി വിശ്വസിപ്പിക്കണം, ഗുണദോഷിക്കണം, ഉത്ബോധിപ്പിക്കണം. ഈ ക്രിയാപദങ്ങൾ സുവിശേഷം നൽകുന്ന മാർഗ്ഗദർശനത്തിന്റെ പ്രതിഫലനമാണ് (2 തിമൊ.3:16). വ്യക്തമായും തിമൊത്തിയുടെ ജോലി തിരുവചനത്തിൽ കാണുന്നതിനെ പിന്തുടരാനും പഠിപ്പിക്കാനും നടപ്പാക്കാനുമാണ്. അതാകട്ടെ ദീർഘസഹിഷ്ണുതയോടും ക്ഷമയോടും വേണം. രൂക്ഷവും പരുഷവുമായ ശാസനം ഒരു പാപിയെപ്പോലും ക്രിസ്തുവിലേക്കു കൊണ്ടുവരില്ല. പൗലൊസ് എഴുതിയത് പിന്തുടരുക വഴി, പരിശുദ്ധാത്മ നടത്തിപ്പിൽ

പിന്തുടരുമ്പോൾ, സേവക-നേതൃ ഭാവത്തോടെ ആകുമ്പോൾ, തിമൊത്തി സഭയിലെ അതിശക്തമായ ഐക്യഘടകമായി മാറുന്നു.

**സഭൈക്യം കാക്കുവാൻ നേതൃത്വത്തെ പ്രായോഗികമായി എങ്ങനെ സഹായിക്കാം? തർക്കങ്ങൾക്കിടയിലും നമ്മെത്തന്നെ എങ്ങനെ ഏകീകരണത്തിനുള്ള ശക്തിയാക്കി മാറ്റാം?**

**ബുധൻ** **ഡിസംബർ 19**

**സഭാ അച്ചടക്കം**

അച്ചടക്കമില്ലായ്മയാണ് സഭ നേരിടുന്ന പ്രധാന പ്രശ്നം. അച്ചടക്കം എങ്ങനെ സഭൈക്യം കാക്കുന്നുവെന്നത് എളുപ്പം തെറ്റിദ്ധരിക്കപ്പെടാവുന്ന ഒരു വിഷയമാണ്. എന്നാൽ തിരുവചന കാഴ്ചപ്പാടിൽ സഭയിലെ അച്ചടക്കം രണ്ട് പ്രധാന മേഖലകളിലാണ്: സത്യസിദ്ധാന്തം നിർമ്മലമായി കാക്കുക, സഭാജീവിതവും പ്രയോഗവും നിർമ്മലമായിരിക്കുക.

നമ്മൾ നേരത്തെ കണ്ടതുപോലെ അന്ത്യകാലത്ത് തെറ്റായ പഠിപ്പിക്കലുകളുടെയും വിശ്വാസശോഷണത്തിന്റെയും പശ്ചാത്തലത്തിൽ തിരുവചന പഠിപ്പിക്കലുകൾ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം പുതിയ നിയമത്തിൽ കാണാം. അസാന്മാർഗ്ഗികത, ആത്മാർത്ഥതയില്ലായ്മ, ധാർമ്മികാധഃപതനം എന്നിവയെ ചെറുത്ത് സമൂഹത്തിന്റെ മാന്യത നിലനിർത്താനും പുതിയ നിയമം ശ്രദ്ധിക്കുന്നു. ഇക്കാരണത്താൽ തിരുവചനം, “ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു” (2 തിമൊ. 3:17).

**മത്തായി 16:19, 18:15-20 വായിക്കുക. തെറ്റിപ്പോയവരെ ഗുണദോഷിക്കാനും സഭയിൽ അച്ചടക്കമുണ്ടാകാനും യേശു നൽകുന്ന തത്വങ്ങളെന്ത്?**

ആത്മീയ സന്മാർഗ്ഗ ജീവിതങ്ങളിൽ പരസ്പര ഉത്തരവാദിത്തവും അച്ചടക്കവും ബൈബിൾ പിന്തുണയ്ക്കുന്നുണ്ട്. വാസ്തവത്തിൽ സഭയെ വേർതിരിച്ചു നിർത്തുന്ന അടയാളം വിശുദ്ധിയാണ്, അഥവാ ലോകത്തിൽ നിന്നുള്ള വേർപാട്. വഷളത്തത്തിനെതിരെ സഭ പ്രവർത്തിക്കേണ്ടതായി വന്ന ദുർഘട സമയങ്ങൾക്ക് അനേകം ഉദാഹരണങ്ങൾ നാം ബൈബിളിൽ കാണുന്നു. സന്മാർഗ നിലവാരം സഭയ്ക്കുള്ളിൽ അനിവാര്യമാണ്.

**സഭയിലെ ബുദ്ധിമുട്ടേറിയ വിഷയങ്ങളെ നേരിടുമ്പോൾ ഈ തിരുവചന ഭാഗങ്ങൾ നമ്മെ എന്തു പഠിപ്പിക്കുന്നു? മത്താ. 7:1-5; ഗലാ. 6:1,2.**

സഭാ അച്ചടക്കത്തെക്കുറിച്ച് തിരുവചനം പഠിപ്പിക്കുന്നത് തള്ളിക്കളയാനാകില്ല. അതില്ലാതെ തിരുവചനത്തോടു വിശ്വസ്തരാകാൻ കഴിയില്ല. എന്നാൽ ആ ഗുണദോഷത്തിലെ വീണ്ടെടുപ്പിന്റെ സ്വഭാവം ശ്രദ്ധിക്കുക. സാധ്യമാകുന്നിടത്തോളം, അച്ചടക്കമെന്നത് വീണ്ടെടുപ്പുമായി ബന്ധപ്പെട്ടുവേണം. നാമെല്ലാം പാപികളാണെന്നും കൃപ ആവശ്യമാണെന്നും ഓർക്കണം. അങ്ങനെ, അച്ചടക്കം നടപ്പിലാക്കുമ്പോൾ, തികഞ്ഞ എളിമയോടും നമ്മുടെ തന്നെ വീഴ്ചകളുടെ സസൂക്ഷമ ശ്രദ്ധയോടെയും വേണം.

**തെറ്റു ചെയ്യുന്നവരോട് ശിക്ഷയുടെ അല്ല വീണ്ടെടുപ്പിന്റെ മനോഭാവം പ്രകടിപ്പി ക്കാൻ എങ്ങനെ പഠിക്കാം?**

**വ്യാഴം** **ഡിസംബർ 20**

## സുവിശേഷവേലയ്ക്കായി തയ്യാറെടുക്കൽ

ഈ ക്വാർട്ടറിലുടനീളം കണ്ടതുപോലെ, (അത് ആവർത്തിച്ചുകൊണ്ടുമിരിക്കു ന്നു) സഭയെന്ന നിലയിൽ നാം സുവിശേഷവേലയ്ക്കും സമൂഹത്തിലേക്കിറങ്ങി പ്രവർത്തിക്കുന്നതിനും ആണ് ഒത്തൊരുമയോടെ സംഘടിച്ചിരിക്കുന്നത്. ഒരേ മന സ്സുള്ള കുറച്ചുപേർ ചേർന്ന് ഊറ്റം കൊള്ളുന്നതുപോലെ നമ്മളൊരു ക്ലബ്ബിലെ അംഗ ങ്ങളല്ല (ചിലപ്പോൾ അതും വേണ്ടി വന്നേക്കാം). സ്നേഹിക്കുന്ന സത്യം ലോക ത്തോട് അറിയിക്കുവാനാണ് നമ്മെ കൂട്ടിവരുത്തിയിരിക്കുന്നത്.

**മത്തായി 28:18–20-ൽ ലോക ദൗത്യത്തിന് യേശു ശിഷ്യന്മാർക്ക് അവസാന നിർദ്ദേശങ്ങൾ നൽകുന്നു. യേശുവിന്റെ നിർദ്ദേശങ്ങളിലെ പ്രധാന വാക്കുകൾ ഏവ. അവ ഇന്നത്തെ സഭയോട് എന്തു പറയുന്നു?**

യേശു ശിഷ്യരെ ഭരമേൽപിച്ച വലിയ ദൗത്യത്തിന് നാല് ക്രിയാപദങ്ങളുണ്ട്: പോവുക, ശിഷ്യരാക്കുക, സ്നാനം കഴിപ്പിക്കുക, പഠിപ്പിക്കുക. ഗ്രീക്കു വ്യാകര ണമനുസരിച്ച് ഈ വാക്യങ്ങളിലെ മുഖ്യ ക്രിയാപദം ശിഷ്യരാക്കുക എന്നതാണ്. മറ്റു മൂന്നും ഇതെങ്ങനെ നടപ്പാക്കാം എന്നതാണ്. വിശ്വാസികൾ രാജ്യങ്ങളിലേക്കു പോയി സുവിശേഷം പറഞ്ഞ്, സ്നാനം കഴിപ്പിച്ച്, യേശു പറഞ്ഞത് പഠിപ്പിക്കു മ്പോഴാണ് ശിഷ്യരാകുന്നത്.

സഭ ഈ ദൗത്യം ഏറ്റെടുക്കുമ്പോൾ, ദൈവരാജ്യം വികസിക്കുന്നു. യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നവരുടെ കൂട്ടത്തിലേക്ക് അനേക രാജ്യങ്ങളിലെ ജന ങ്ങൾ അണിചേരുന്നു. സ്നാനമേറ്റ്, തന്റെ ഉപദേശം കാപ്പാനുള്ള യേശുവിന്റെ ആഹ്വാനം അനുസരിക്കുന്നവർ ഒരു പുതിയ ആഗോള കുടുംബം സൃഷ്ടിക്കുന്നു. പുതിയ ശിഷ്യന്മാർ വീണ്ടും അനേകരെ ശിഷ്യപ്പെടുത്തുമ്പോഴെല്ലാം യേശുവിന്റെ സാന്നിദ്ധ്യം ഉറപ്പിക്കുകയാണ്. യേശുവിന്റെ സാന്നിദ്ധ്യം ദൈവസാന്നിദ്ധ്യത്തിന്റെ വാഗ്ദാനമാണ്. മത്തായിയുടെ സുവിശേഷം ആരംഭിക്കുന്നത് യേശുവിന്റെ ജന നത്തെക്കുറിച്ചുള്ള പ്രഖ്യാപനത്തോടെയാണ്, 'ദൈവം നമ്മോടുകൂടെ' (മത്താ.1:23). അവസാനിക്കുന്നതോ രണ്ടാം വരവോളവും യേശുവിന്റെ സാന്നിദ്ധ്യം നമ്മോടൊ പ്പമുണ്ടാകുമെന്ന വാഗ്ദത്തത്തോടെയുമാണ്.

"ജോലി എളുപ്പമായിരിക്കുമെന്ന് ക്രിസ്തു ശിഷ്യരോട് പറഞ്ഞില്ല......... താൻ അവർക്കൊപ്പമുണ്ടാകുമെന്ന് ഉറപ്പു നൽകി. വിശ്വാസത്തിൽ മുന്നേറിയാലോ സർവ്വ വ്യാപിയായ രക്ഷാകവചത്തിനു കീഴിലായിരിക്കുമെന്നും വാഗ്ദത്തം ചെയ്യുന്നു. അവരോട് ധീരരും ശക്തരുമാകാൻ ആജ്ഞാപിക്കുന്നു. കാരണം ദൂതന്മാരെക്കാൾ ശക്തനായ ഒരുവൻ- സ്വർഗ്ഗീയ സൈന്യങ്ങളുടെ നായകൻ അവരോടൊപ്പമുണ്ടാ കും. അവരുടെ വേലയുടെ നടത്തിപ്പിനുള്ള എല്ലാം അവൻ ഒരുക്കി. അതിന്റെ വിജയത്തിന്റെ ഉത്തരവാദിത്തവും സ്വയം ഏറ്റെടുത്തു. അവന്റെ വചനമനുസരിച്ച്

യേശുവിനോടു ചേർന്നു പ്രവർത്തിച്ചാൽ അവർ തോൽക്കില്ല.”-*എലൻ ജി. വൈറ്റ്, ദി ആക്റ്റ്സ് ഓഫ് ദി അപ്പോസൽസ്, പേജ് 29.*

**രണ്ടാം വരവു വരെ യേശുവിന്റെ സാന്നിദ്ധ്യം സ്വജനത്തിനൊപ്പമുണ്ടാകുമെന്നതിന്റെ അർത്ഥത്തെക്കുറിച്ച് ഒന്നു ചിന്തിച്ചു നോക്കുക. യേശു ഏൽപിച്ച ദൗത്യം നിറവേറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ ഈ വാഗ്ദത്തത്തിന്റെ യാഥാർത്ഥ്യം നമ്മെ എങ്ങനെ സ്വാധീനിക്കും?**

**വെള്ളി** **ഡിസംബർ 21**

**കൂടുതൽ പഠനം:** *എലൻ ജി. വൈറ്റ്, “ഇൻഡിവിജ്വൽ റെസ്പോൺസിബിലിറ്റി ആൻഡ് ക്രിസ്റ്റ്യൻ യൂണിറ്റി” പേജ് 485-505 - ടെസ്റ്റിമണീസ് റ്റു മിനിസ്റ്റേഴ്സ് ആൻഡ് ഗോസ്പൽ വർക്കേഴ്സിൽ നിന്ന്; “യൂണിറ്റി ഇൻ ഡൈവേഴ്സിറ്റി” പേജ് 483-485, “ചർച്ച് ഡിസിപ്ലിൻ” പേജ് 498-503 - ഗോസ്പൽ വർക്കേഴ്സിൽ നിന്ന്. “ചർച്ച്” എന്ന ലേഖനം വായിക്കുക, പേജ് 707-710 കൂടാതെ “ചർച്ച് ഓർഗനൈസേഷൻ” പേജ് 712-714 - എലൻ ജി. വൈറ്റ് എൻസൈക്ലോപീഡിയയിൽ നിന്ന്.*

“സഭയുൾപ്പെടെ സമൂഹത്തിലെ എല്ലാ തലത്തിലും നേതൃത്വ തത്വങ്ങൾ ബാധകമാകുന്നു. എന്നിരുന്നാലും സഭാ നേതാവ് ഒരു സാധാരണ നേതാവിനും മേലാകണം. അദ്ദേഹം ഒരു സേവകനും കൂടിയായിരിക്കണം.

“നേതാവായിരിക്കുന്നതിനൊപ്പം തന്നെ സേവകനുമാവുക എന്നതിൽ പ്രകട വൈരുദ്ധ്യമുണ്ട്. ഒരാൾക്ക് ഒരേ സമയം നയിക്കാനും സേവിക്കാനും എങ്ങനെ സാധിക്കും? നേതാവ് ആദരവ് അർഹിക്കുന്നില്ലേ? അയാൾ ഉത്തരവിടുമ്പോൾ അത് മറ്റുള്ളവർ അതനുസരിക്കേണ്ടതല്ലേ? എങ്കിൽ എങ്ങനെയാണ് ഉത്തരവുകളേറ്റുവാങ്ങി നിറവേറ്റുന്ന ഒരു ശുശ്രൂഷകന്റെ താഴ്ന്ന സ്ഥാനം അദ്ദേഹം സ്വീകരിക്കുക?

“ഈ വിരോധാഭാസം പരിഹരിക്കാൻ നാം യേശുവിലേക്കു നോക്കണം. ശുശ്രൂഷിക്കുന്ന നേതൃത്വമെന്തെന്ന് യേശു ആധികാരികതയോടെ കാണിച്ചു തന്നു. ആ ജീവിതം തന്നെ സേവനമായിരുന്നു. അതേസമയം ലോകം കണ്ടതിൽ വച്ച് ഏറ്റവും വലിയ നേതാവും.” - *ജി. ആർതർ കീഗ്, അവർ ചർച്ച് റ്റുഡേ:വാട് ഇറ്റ് ഈസ് ആൻഡ് വാട് കാൻ ബി (വാഷിംഗ്ടൺ, ഡി.സി., നാഷിൽ: റിവ്യൂ ആൻഡ് ഹെറാൾഡ്, 1980) പേജ് 106.*

**ചർച്ച**

1. **നേതൃ-ശുശ്രൂഷകൻ എന്ന ആശയത്തെപ്പറ്റി കൂടുതൽ ചിന്തിക്കുക. മതേതര ലോകത്തിൽ നിന്ന് ഇതിന് ഏതെങ്കിലും ഉദാഹരണം കണ്ടെത്താനാകുമോ?**
2. **മത്തായി 20:25-28 വരെ വീണ്ടും വായിക്കുക. ‘ഗ്രേറ്റ്’ മഹത്തായ എന്ന വാക്കിന്റെ അർത്ഥം ലോകം മനസ്സിലാക്കുന്നതിൽ നിന്നു വ്യത്യസ്തമായി ദൈവം എങ്ങനെ മനസ്സിലാക്കുന്നു എന്നാണ് ഈ വാക്യം നമ്മോടു പറയുന്നത് (മത്താ. 20:26)?**

3. **ഐക്യം സംരക്ഷിക്കുക സഭാനേതാക്കന്മാരുടെ ദൗത്യങ്ങളിൽ ഒന്നാകുമ്പോൾ, അവരുടെ മാനുഷികത അവരെ ഉത്തമ മാതൃകകളാകുന്നതിൽ നിന്നു തടയുമ്പോൾ നാം എന്തു ചെയ്യണം?**
4. **തെറ്റിപ്പോകുന്നവരോട് സ്നേഹത്തോടെയും കൃപയുടെ ആത്മാവിനാലും വേണം സഭാ അച്ചടക്കം പ്രയോഗിക്കാനെന്ന് പറയുന്നതിന്റെ പ്രാധാന്യമെന്താണ്? മത്തായി 7:12 എപ്പോഴും നമ്മുടെ മനസ്സിൽ ഉണ്ടാവണമെന്നു പറയുന്നത് എന്തുകൊണ്ടാണ്?**

**സംഗ്രഹം:** നല്ല സഭാ സംഘടന സഭാ ദൗത്യത്തിനും വിശ്വാസികളുടെ ഐക്യത്തിനും അത്യന്താപേക്ഷിതമാണ്. ക്രിസ്തു സഭയുടെ തലയാണ്. ദൈവജനത്തെ നയിക്കുമ്പോൾ സഭാനേതാക്കൾ യേശുവിന്റെ മാതൃക പിൻപറ്റണം. ദൈവവചനം വിശ്വസ്തതയോടെ പഠിപ്പിക്കുന്നതിലും ആ വചനത്തിനനുസരിച്ച് വിശ്വസ്തതയോടെ ജീവിക്കുന്നതിലുമാണ് ഐക്യം സംരക്ഷിക്കപ്പെടുന്നത്.

****